Phone : 04865 265264
E-Mail: pottankadu@gmail.com

# ബൈസൻവാലി ഗ്രാമപഞ്ചായത്ത്

പൊട്ടൻകാട് പി.ഒ, ഇടുക്കി — 685565

ISO 9001:2015 CERTIFIED

NABCB QM 039

**29/10/2025**

പ്രേഷിതൻ,
സെക്രട്ടറി
ബൈസൺവാലി ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്,
ബഹു. ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇടുക്കി ജില്ല

സർ,

വിഷയം: പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി - സംബന്ധിച്ച്

സൂചന: ശ്രീ. ജോസഫ് റ്റി ജെ എന്നയാൾ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പു മുൻപാകെ സമർപ്പിച്ച 7/02/2025 നമ്പർ അപേക്ഷ

സൂചന അപേക്ഷ പ്രകാരം വിശദമായ പരിശോധന നടത്തി ചുവടെ ചേർത്ത പ്രകാരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ബൈസൺവാലി ഗ്രാമപഞ്ചായത്തിൽ നാളിതുവരെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്റ്റ് ഏറ്റെടുത്തിട്ടുള്ളതായി കാണുന്നില്ല. കഴിഞ്ഞ 3 വർഷമായി പരാതിക്കാരൻ ഈ ആവശ്യത്തിലേക്ക് അപേക്ഷ വെച്ചതായി പറയുന്നു. എന്നാൽ 2023-24, വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധിച്ചതിൽ ഈ അൾ ഗ്രാമസഭയിലേക്ക് അപേക്ഷ സമർപ്പിച്ചതായോ, ഗ്രാമസഭയിൽ പങ്കെടുത്തതായൊ, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റൽ ഉൾപ്പെട്ടിരുന്നതായൊ കാണുന്നില്ല.

എന്നാൽ 2025-26 വാർഷിക പദ്ധതിയുടെ ഭാഗമായി അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി എന്ന അടിമാലി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള പദ്ധതിയിൽ ബൈസൺവാലി ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ നിന്ന് 1-ആം നമ്പറായി അപേക്ഷകൻ ഉൾപ്പെട്ടിട്ടുള്ളതായി ബോധ്യപ്പെട്ടു. ഈ ഗുണഭോക്തൃപട്ടിക അടിമാലി ബ്ലോക്കിന് കൈമാറിയിട്ടുള്ളതാണ്. ഈ വിവരങ്ങൾ അങ്ങയുടെ അറിവിലേക്ക് അനന്തര നടപടികൾക്കായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

Beneficiary List
E-mailed on 3/9/2025

വിശ്വസ്തതയോടെ,

സെക്രട്ടറി,
ബൈസൺവാലി ഗ്രാമപഞ്ചായത്ത്

സെക്രട്ടറി
ബൈസൺവാലി ഗ്രാമപഞ്ചായത്ത്

ബൈസൺവാലി ഗ്രാമപഞ്ചായത്ത് കാര്യാലയം
പൊട്ടൻകാട് പി.ഒ.